# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5324**

**01/07/2019 ൽ മറുപടി നൽകേണ്ടത്**

**സാമൂഹ്യ സുരക്ഷാക്ഷേമ പെൻഷൻ**

**ചോദ്യം**
ശ്രീ. വി ജോയി

**മറുപടി**
ഡോ.ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് വിവിധ സാമൂഹ്യ സുരക്ഷാ ക്ഷേമ പെൻഷൻ വാങ്ങുന്ന എത്ര പേർ ഉണ്ടെന്ന് വ്യക്തമാക്കാമോ; | 25/06/2019 തീയതിയിലെ കണക്ക പ്രകാരം സംസ്ഥാനത്തു വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്ന 4541990 പേർ ഉണ്ട് . |
| (ബി) | ഈ സർക്കാർ നിലവിൽ വന്നശേഷം പുതുതായിഎത്ര പേർക്ക് വിവിധ ക്ഷേമ പെൻഷനുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി 1098576 പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിച്ചിട്ടുണ്ട് . |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ എത്ര രൂപ വീതം വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രതിമാസം 600 രൂപയായിരുന്ന മിനിമം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 2016 ജൂൺ മുതൽ 1000 രൂപയായും 2017 ഏപ്രിൽ മുതൽ 1100 രൂപയായും 2019 ഏപ്രിൽ 1 മുതൽ 1200 രൂപയായും വർദ്ധിപ്പിച്ചു. 80 ശതമാനവും അതിനു മുകളിലും വൈകല്യമുള്ളവർക്കുള്ള വികലാംഗ പെൻഷൻ 21/02/2018 മുതൽ 1100 രൂപയിൽ നിന്നും 1300 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ